പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3386 — 20.06.2018-ൽ മറുപടിയ്ക്ക്

## സി.ആർ.ഇസെഡ് ക്ലിയറൻസിന് വേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സി.ആർ.ഇസെഡ് ക്ലിയറൻസിന് വേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;<br>(ബി) ഇത്രയും കാലതാമസം മറ്റ് വകുപ്പുകളിൽ ഇല്ലെന്നിരിക്കെ ഇതിന് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ജീവനക്കാർ ഇല്ലെങ്കിൽ അതിനുവേണ്ട തസ്തികകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. തീർപ്പാക്കാനുണ്ടായിരുന്ന അപേക്ഷകൾ ഏറെക്കുറെ തീർപ്പാക്കി കഴിഞ്ഞു. കൂടാതെ വികസന നിഷിദ്ധ മേഖലയായി കരുതപ്പെടുന്ന കടലിൽ നിന്നും 200 മീറ്ററിനും, കായലിൽ നിന്നും 100 മീറ്ററിനും ഇടയിൽ 100m² വരെ തറവിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിനും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽ നിന്ന് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250m² വരെയുള്ള വീടുകളുടെ നിർമ്മാണത്തിനും CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാതല കമ്മിറ്റികൾക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റികൾ സജീവമാക്കി ജില്ലാതല കമ്മിറ്റിയുടെ അധികാര പരിധിയിൽ തീർപ്പാക്കാവുന്ന അപേക്ഷകൾ തീർപ്പാക്കി വരികയുമാണ്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് |

ജില്ലകളിൽ ജില്ലാതല കമ്മിറ്റികൾ കൂടുകയും ഏകദേശം 868 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിലെ പരിശോധന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) കേരള തീരദേശ പരിപാലന അതോറിറ്റിയിലെ പ്രോജക്ട് ഫെല്ലോ ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനെ തുടർന്ന് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്മാർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഒപ്പ് വച്ചതിനു ശേഷം ആയത് അജണ്ടയിൽ ഉൾപ്പെടുത്തി കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മീറ്റിംഗിൽ വച്ച് തീരുമാനമെടുക്കുകയാണ് ചെയ്തു വരുന്നത്.

(ഡി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ നിന്നും അയച്ച 755-ാം നമ്പർ അപേക്ഷയിൽ (മുസ്തഫ തങ്ങൾ, അമ്പഴത്തിങ്ങൾ, മലപ്പുറം) ക്ലിയറൻസ് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ; തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി) തീരുമാനമായിട്ടില്ല. കേരള തീരദേശ പരിപാലന അതോറിറ്റിയിൽ CRZ ക്ലിയറൻസിനായി ലഭിക്കുന്ന അപേക്ഷകൾ സീനിയോറിറ്റി ക്രമത്തിലാണ് അതോറിറ്റിയുടെ മീറ്റിംഗിൽ വച്ച് തീരുമാനമെടുക്കുന്നത്. പ്രസ്തുത അപേക്ഷയുടെ സീനിയോറിറ്റി ആകുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ